**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 229** — **02-08-2021 - ൽ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പിന്റെ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. റ്റി.പി .രാമകൃഷ്ണൻ,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റവന്യൂ വകുപ്പിന് കീഴിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗത്തിൽ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. റവന്യു-ഭവനനിർമ്മാണ വകുപ്പ മന്ത്രി അധ്യക്ഷനും, റവന്യൂ, സർവ്വെ, ഭവനനിർമ്മാണം, ദുരന്ത നിവാരണ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, ഐ.എൽ.ഡി.എം. ഡയറക്ടർമാർ, ലാൻഡ് ബോർഡ് സെക്രട്ടറി എന്നിവരെയും ഉൾപ്പെടുത്തി റവന്യൂ സെക്രട്ടറിയേറ്റ് രൂപീകരിച്ചിട്ടുള്ളതും റവന്യൂ-ഭവനനിർമ്മാണ വകുപ്പുകളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട് എല്ലാ ബുധനാഴ്ചയും റവന്യൂ സെക്രട്ടേറിയറ്റ് യോഗം ചേരുന്നതുമാണ്. അതത് ദിവസങ്ങളിലെ പരിഗണനാ വിഷയങ്ങൾ മുൻകൂട്ടി അറിയിച്ച് നടത്തുന്ന യോഗങ്ങളിൽ മുൻയോഗ തീരുമാനങ്ങളിൽ സ്വീകരിച്ച നടപടി പരിശോധിക്കുന്നതും തീരുമാനങ്ങൾ നടപ്പാക്കുന്നതിന് കൃത്യമായ സമയപരിധി നിശ്ചയിച്ച് അത് പ്രകാരം നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| (ബി) | റവന്യൂ വകുപ്പ് നൽകുന്ന സേവനങ്ങൾ ആധുനികവൽക്കരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | റവന്യൂ വകുപ്പ് നൽകുന്ന സേവനങ്ങൾ ആധുനികവൽക്കരിക്കുന്നതിനും കാര്യക്ഷമ മാക്കുന്നതിനും പരമാവധി സേവനങ്ങൾ ഓൺലൈൻ ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് കൊണ്ട് വന്ന് ഇ-ഗവേണൻസ് സംവിധാനം മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സുതാര്യത ഉറപ്പാക്കിക്കൊണ്ട് ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളാണ് റവന്യൂ വകുപ്പിൽ നടപ്പിലാക്കി വരുന്നത്. 1. ഇ-ഡിസ്ട്രിക്ട് 2. ആർ.ആർ.ഓൺലൈൻ 3. Relis (റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം) 4. റവന്യൂ ഇ-പെയ്മെന്റ് 5. ഇ-ഓഫീസ് 6. റിലീഫ് (സമഗ്ര ദുരിത മാനേജ്മെന്റ് |

| | | | |
|---|---|---|---|
| | | | സംവിധാനം) 7. റവന്യൂ മിത്രം 8.കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ നടത്തുന്ന ഈ ആധുനികവത്കരണ പ്രവർത്തനങ്ങൾ മുഖേന സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സുതാര്യമായും കാലതാമസം കൂടാതെയും സേവനങ്ങൾ നൽകുന്ന ജനസൗഹൃദ ഓഫീസുകളാക്കുന്ന പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുകയാണ്. ഭൂരേഖാ പരിപാലനത്തിന്റെ ഭാഗമായി മാപ്പ് ഉൾപ്പെടെയുള്ള സേവനം ജനങ്ങൾക്ക് നൽകുന്ന ആവശ്യത്തിലേയ്ക്കായി NIC മുഖേന e-Maps എന്ന സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുള്ളതും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ പൂർത്തിയായിട്ടുള്ള 87 വില്ലേജുകളിൽ 80 വില്ലേജുകളുടെ മാപ്പുകൾ e-Maps സോഫ്റ്റ് വെയറിൽ അപ്പ് ലോഡ് ചെയ്തിട്ടുള്ളതുമാണ്. |
| (സി) | റവന്യൂ ഇൻഫർമേഷൻ ബ്യൂറോ, റവന്യൂ ബുള്ളറ്റിൻ, റവന്യൂ കോൾസെന്റർ എന്നിവ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (സി) | ഉണ്ട് |
| (ഡി) | പൊതുജനങ്ങൾക്ക് സേവനങ്ങൾ ലളിതമായ മാർഗ്ഗത്തിലൂടെ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ? | (ഡി) | റവന്യൂ സേവനങ്ങൾ ലഭിക്കുന്നതിന് പൊതുജനങ്ങൾക്ക് റവന്യൂ ഓഫീസുകളിലേക്ക് നേരിട്ട് പോകാതെ തന്നെ അപേക്ഷകൾ സമർപ്പിക്കുവാനും സേവനങ്ങൾ വീട്ടിൽ ഇരുന്നു തന്നെ ലഭിക്കുന്നതിനും പരമാവധി സേവനങ്ങൾ ഇ-ഗവേണൻസ് പ്ലാറ്റ്ഫോമിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിവലിൽ ഈ സൗകര്യങ്ങൾ ലഭ്യമാക്കുന്ന ഇ-ഡിസ്ട്രിക് ആപ്ലിക്കേഷൻ, പോക്കുവരവിനുള്ള ReLIS ആപ്ലിക്കേഷൻ, ഭൂനികുതി ഒടുക്കുവാനുള്ള ഇ-പെയ്മെന്റ് ആപ്ലിക്കേഷൻ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. സുതാര്യവും ലളിതവുമായി റവന്യൂ സേവനങ്ങൾ നൽകുന്നതിനും റവന്യൂ സേവനങ്ങളുടെ നടത്തിപ്പിൽ നേരിട്ട് പൊതുജനങ്ങളെ ഉൾപ്പെടുത്തുന്നതിനും ചുവടെ പറയുന്ന പദ്ധതികൾ കൂടി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. 1. റവന്യൂ പോർട്ടൽ 2. റവന്യൂ പോർട്ടലിൽ ഉൾപ്പെടുത്തി വിവരാവകാശ അപേക്ഷകളും ഓൺലൈനായി സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനു മുള്ള വിവരാവകാശം ഓൺലൈൻ മൊഡ്യൂൾ തയ്യാറാക്കൽ 3. സോഷ്യൽ സെക്യൂരിറ്റി പെൻഷൻ മൊഡ്യൂൾ 4. റവന്യൂ ഇ-പെയ്മെന്റ് മൊബൈൽ ആപ്ലിക്കേഷൻ 5. തണ്ടപ്പേർ പകർപ്പ് ഓൺലൈൻ ആപ്ലിക്കേഷൻ 6. ലൊക്കേഷൻ മാപ്പ് ഓൺലൈൻ ആപ്ലിക്കേഷൻ ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കിയ വില്ലേജ് |

| | | | |
|---|---|---|---|
| | | | ഓഫീസുകളിൽ നിന്നും എഫ്.എം.ബി. പകർപ്പ് ഓൺലൈനായി അപേക്ഷിച്ച് ഡൗൺലോഡ് ചെയ്ത് എടുക്കുവാൻ കഴിയുന്ന ആപ്ലിക്കേഷൻ മൊഡ്യൂളിന്റെ നിർമ്മാണം, CDIT, നാഷണൽ ഇൻഫോമാറ്റിക്സ് സെന്റർ (NIC) മുഖാന്തിരം പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ